*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

210th Issue - Volume 5, No.43 **ജാഗ്രത** 12th November 2011

“ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.”

(യോഹന്നാൻ–11: 25)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS



Saint Martin of Tours

## പ്രധാന വാർത്തകൾ

മക്കൾ മാതാപിതാക്കളുടെ സമ്പത്ത് : ബിഷപ് ഡോ.ജോസഫ് കാരിക്കശേരി

---

പാവങ്ങളെ കുറിച്ചുള്ള ചിന്തയും കരുതലുമായിരിക്കണം ജൂബിലിയുടെ സന്ദേശം: മാർ ജോസഫ് പെരുന്തോട്ടം

---

കാർഷിക കുടിയേറ്റത്തിനു തയാറെടുപ്പുകൾ വേണം: മാർ മാത്യു അറയ്ക്കൽ

---

സഭ സാമൂഹ്യവികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം: മാർ ആൻഡ്രൂസ് താഴത്ത്

---

സന്മാർഗചിന്തയുള്ള സമൂഹത്തെ രൂപപ്പെടുത്തണം: മാർ ജോർജ് കോച്ചേരി

---

## ജാഗ്രതാ വാർത്ത

ജോലിക്കാരായ അമ്മമാരുടെ മക്കൾക്ക് രോഗസാധ്യത കൂടുതൽ

---

ചികിൽസിക്കുന്നവർ മറന്നുകൂടാത്തത്.

---

## ചരിത്ര ജാഗ്രത

റവ. ജോർജ് മാത്തൻ

---

## വാരാന്ത്യവീക്ഷണം

കക്ഷി രാഷ്ട്രീയം ഗ്രസിച്ച കേരളം

## മക്കൾ മാതാപിതാക്കളുടെ സമ്പത്ത് : ബിഷപ് ഡോ.ജോസഫ് കാരിക്കശേരി



മക്കളാണ് മാതാപിതാക്കളുടെ സമ്പത്തെന്നും, കൂടുതൽ മക്കൾ ദൈവാനുഗ്രഹമാണെന്നും കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി. കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ കുരിശിങ്കൽ ആന്റണി-ജെസ്സി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് ജ്ഞാനസ്നാനം നൽകുകയായിരുന്നു അദ്ദേഹം. എത്രമക്കൾ വേണമെന്ന് തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കളുടേത് മാത്രമാണ്. അവർ അവരുടെ ജീവിതസാഹചര്യം പരിഗണിച്ച് വിശ്വാസത്തിലും സഭാപ്രബോധനത്തിലും ഉറച്ചു നിന്ന് ഉത്തരവാദിത്വത്തോടെ നിശ്ചയിച്ചുറപ്പിക്കേണ്ടകാര്യമാണത്. ബാഹ്യമായ ഒരു ശക്തിക്കും ഇതിൽ കൈകടത്താനുള്ള അവകാശമില്ല. കൂടുതൽ മക്കൾ കുടുംബത്തിന് ഐശ്വര്യമാണ് - ബിഷപ്പ് പറഞ്ഞു. സമൂഹ നന്മയ്ക്ക് കാരണമാകുന്ന സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ത്യാഗത്തിന്റെയും വിട്ടുവീഴ്ച്ചയുടെയും പാഠങ്ങൾ അഭ്യസിക്കാൻ കൂടുതൽ മക്കളുള്ള കുടുംബസാഹചര്യം സഹായകമാകുമെന്നും ബിഷപ്പ് പറഞ്ഞു. ആന്റണിയെയും ഭാര്യ ജെസ്സിയെയും അഞ്ചുമക്കളെയും ബിഷപ്പ് ആശിർവദിച്ചു. അഞ്ചാമത്തെ കുഞ്ഞിന് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പേരാണ് നൽകിയിട്ടുള്ളത്. നിരവധി വൈദീകരും വിശ്വാസികളുമടക്കം വലിയൊരുജനാവലി തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

## പാവങ്ങളെ കുറിച്ചുള്ള ചിന്തയും കരുതലുമായിരിക്കണം ജൂബിലിയുടെ സന്ദേശം : മാർ ജോസഫ് പെരുന്തോട്ടം



ചങ്ങനാശേരി അതിരുപത ശതോത്തര രജത ജൂബിലിയുടെ യുഎൻ തല ഉദ്ഘാടനം ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിൽ ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. പാവങ്ങളെ കുറിച്ചുള്ള ചിന്തയും കരുതലുമായിരിക്കണം ഈ ജൂബിലിയുടെ സന്ദേശമെന്നു പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. ഫാ ആനി സേവ്യർ, ഫാ. ജേക്കബ് കാട്ടടിയിൽ, ജേക്കബ് കുഞ്ഞ്, ജോളി ജോർജ് കാവാലം, ബിജു മാത്യു , ജസ്റ്റിൻ കട്ടക്കയം എന്നിവർ ആശംസകൾ അർപ്പിച്ചു. യുവജന പ്രതിനിധി ജാൻസ് അഗസ്റ്റിൻ, കുട്ടികളുടെ പ്രതിനിധി ജെറിൻ വർഗീസ്, വനിതാ പ്രതിനിധി സെലീന എന്നിവരും ചടങ്ങിൽ പ്രസംഗിച്ചു.

## കാർഷിക കുടിയേറ്റത്തിനു തയാറെടുപ്പുകൾ വേണം: മാർ മാത്യു അറയ്ക്കൽ



സീറോമലബാർ സഭയിലെ പ്രവാസി സമൂഹം വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങക്കു മാതൃസഭയുടെ എല്ലാ പിന്തുണയും ഉണ്ടാവുമെന്നു സിറോ മലബാർ സഭ അൽമായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ. ചെന്നയിലെ സിറോ മലബാർ സഭ പ്രഥമ അൽമായ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജോലി തേടിയുള്ള ആഗോള കുടിയേറ്റങ്ങളുടെ അവസരങ്ങൾ കുറഞ്ഞുവരുന്നു. അതേസമയം, ഭക്ഷ്യ സുരക്ഷ ഇല്ലാതാവുന്നു. അതിനാൽ കാർഷിക കുടിയേറ്റത്തിനുള്ള തയാറെടുപ്പുകൾ വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

## സഭ സാമൂഹ്യവികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം: മാർ ആൻഡ്രൂസ് താഴത്ത്



കേരളസമൂഹത്തിന്റെ നിർമിതിയിലും സമഗ്രമായ വികസനത്തിനും കേരളത്തിലെ കത്തോലിക്കാസഭ കൂടുതൽ ഇടപെട്ടു പ്രവർത്തിക്കണമെന്നു കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാരുടെയും ഡിപ്പാർട്ടുമെന്റ് ഡയറക്ടർമാരുടെയും ഏകദിനയോഗത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭയുടെ പ്രവർത്തനങ്ങൾ സഭാതലത്തിൽ ഒതുങ്ങാതെ കേരളസമൂഹത്തിലെ ഏവർക്കും ഉപകാരപ്രദമായവിധത്തിൽ വ്യാപിപ്പിക്കണം.

കെസിബിസി കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ കാലഘട്ടത്തിനൊത്തവിധം നവസുവിശേഷവത്കരണത്തിന്റെ ചൈതന്യത്തിൽ പുനഃസംഘടിപ്പിക്കാൻ സാധിക്കണമെന്നും മാർ താഴത്ത് പറഞ്ഞു. പിഒസിയിൽ നടന്ന യോഗത്തിൽ കെസിബിസി വൈസ്പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് തുടങ്ങിയവർ പ്രസംഗിച്ചു.

### സന്മാർഗചിന്തയുള്ള സമൂഹത്തെ രൂപപ്പെടുത്തണം: മാർ ജോർജ് കോച്ചേരി

---

സന്മാർഗ ചിന്തയുള്ള സമൂഹത്തെ രൂപപ്പെടുത്തുക എന്നത് സഭയുടെ കടമയാണെന്ന് സിംബാബ്‌വേയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് മാർ ജോർജ്കോച്ചേരി.അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിലെ ജോൺ പോൾ രണ്ടാമൻ നഗറിൽ 23 മുതൽ 27 വരെ നടക്കുന്ന ബൈബിൾ കൺവൻഷനുള്ള പന്തലിന്റെ കാൽനാട്ടുകർമം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. കുട്ടികളെ ജീവിത വിശുദ്ധിയിലും സദാചാരനിഷ്ഠയിലും വളർത്താനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുള്ളതാണ്. കുടുംബമാണ് അവരുടെ യഥാർഥ പരിശീലന കളരി. ധാർമിക മൂല്യങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം വളരുന്ന തലമുറയ്ക്ക് നൽകാൻ നമുക്കു കഴിയണം മാർ കോച്ചേരി ആഹ്വാനം ചെയ്തു.

## ജാഗ്രതാ വാർത്ത

### ജോലിക്കാരായ അമ്മമാരുടെ മക്കൾക്ക് രോഗസാധ്യത കൂടുതൽ

ജോലിക്കാരായ ഭൂരിപക്ഷം സ്ത്രീകളുടെയും മക്കൾ പലവിധ ജീവിതശൈലി രോഗങ്ങൾക്ക് അടിമകളെന്നു റിപ്പോർട്ട്. ഡൽഹിയുൾപ്പെടെ രാജ്യത്തെ ഏഴു നഗരങ്ങളിൽ അസോചം നടത്തിയ പഠനത്തിലാണു കണ്ടെത്തൽ. രാവിലെ ജോലിക്കു പോകുന്ന അമ്മമാരുടെ മക്കൾ ഭക്ഷണത്തിനായി ഫാസ്റ്റ് ഫുഡിനെ ആശ്രയിക്കുന്നുതിനാലാണു രോഗസാധ്യത കൂടുതലെന്നു പഠനം ചൂണ്ടിക്കാട്ടുന്നു. അതേസമയം, പാർട് ടൈം ജോലിക്കു പോകുന്ന അമ്മമാരുടെ മക്കൾ കൂടുതൽ ആരോഗ്യവാൻമാരാണ്. മുഴുവൻ സമയവും വീട്ടിലുള്ള അമ്മമാരുടെ മക്കൾക്കു സ്വന്തം അടുക്കളയിൽ പാകം ചെയ്ത ഭക്ഷണം ലഭിക്കുന്നതിനാൽ, ആരോഗ്യത്തിന്റെ കാര്യത്തിൽ ഇക്കൂട്ടർ സമ്പന്നരാണ്. ഡൽഹിക്കു പുറമേ, മുംബൈ, പുണെ, ചെന്നൈ, കൊൽക്കത്ത, ഹൈദരബാദ്, ചണ്ഡീഗഡ് എന്നീ നഗരങ്ങളിലെ 25 സ്കൂളിലാണു പഠനം നടത്തിയത്. ജോലിക്കു പോകുന്ന 56% സ്ത്രീകളുടെ മക്കൾക്ക് അമിതവണ്ണമുണ്ടെന്നു പഠനം ചൂണ്ടികാട്ടുന്നു. പിസ, ബർഗർ, ശീതളപാനീയങ്ങൾ എന്നിവ കൂടുതലായി ഭക്ഷിക്കുന്നതിനാലാണിത്. അമിതവണ്ണം ഭാവിയിൽ ഹൃദയ, കരൾ, രോഗങ്ങൾക്കു വഴിവച്ചേക്കാമെന്നു പഠനം മുന്നറിയിപ്പു നൽകുന്നു. പാർട് ടൈം ജോലി ചെയ്യുന്ന സ്ത്രീകളിൽ 28 ശതമാനവും പേരുടെ മക്കൾക്ക് അനാരോഗ്യമുണ്ട്. അമ്മയുടെ കൈ കൊണ്ടു പാകം ചെയ്ത ഭക്ഷണം കഴിക്കുന്നതിനാൽ, ഇക്കുട്ടർക്കു ജീവിതശൈലി രോഗങ്ങൾ വരാനുള്ള സാധ്യത കുറവാണ്. മെട്രോപ്പൊലിറ്റിൻ നഗരങ്ങളിൽ അഞ്ചു കുട്ടികളിൽ ഒരാൾക്ക് അമിതവണ്ണമുണ്ടെന്ന് അസോചം ആരോഗ്യ കമ്മറ്റി ബി.കെ.റാവു പറഞ്ഞു. കുട്ടികളിൽ അമിതവണ്ണം തടയുന്നതിൽ സ്കൂൾ കന്റീനുകൾക്കു ക്രിയാത്മക പങ്ക് വഹിക്കാനാകും. പോഷകഗുണമുള്ള ആഹാരം കന്റീനുകളിൽ ലഭ്യമാക്കണം - റാവു ചൂണ്ടികാട്ടി. സ്കൂളുകളിൽ ജങ്ക് ഫുഡും സോഫ്റ്റ് ഡ്രിങ്കുകളും നിരോധിക്കണമെന്നാവശ്യ സന്നദ്ധ സംഘടനയായ ഉദയ് ഫൗഡേഷൻ ഈ വർഷമാദ്യം ഹൈക്കോടതിയെ സമീപിച്ചിരിന്നു. സ്കൂളുകൾക്കു 500 മീറ്റർ ചുറ്റളവിൽ ഇത്തരം ഭക്ഷണ പദാർഥങ്ങളുടെ വിൽപന നിരോധിക്കണമെന്നും ഫൗണ്ടോഷൻ ആവശ്യപ്പെട്ടിരുന്നു.

## ചികിൽസിക്കുന്നവർ മറന്നുകൂടാത്തത്.

നിമിഷാർധത്തിനുപോലും ജീവന്റെ വിലയുണ്ടെന്ന് അറിയാത്തവരല്ല ഡോക്ടർമാർ. ജീവനുവേണ്ടി മല്ലടിക്കുന്ന രോഗിക്കുള്ള ചികിൽസ വൈകിപ്പിക്കുന്നതോളം വലിയ ക്രൂരതയില്ലെന്നും അവർക്കറിയാം. എന്നിട്ടും, അപകടത്തിൽ പരുക്കേറ്റു കളമശേരി സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച എം.കെ.നാരായണൻ ചികിത്സ വൈകിയതുമൂലം മരിച്ചത് ആതുരശുശ്രൂഷയുടെ പരിപാവനമൂല്യങ്ങളിൽ നിഴൽവീഴ്ത്തുന്ന സംഭവമായി. വേണ്ട സമയത്തു ശരിയായ പരിചരണം നൽകിയിരുന്നെങ്കിൽ നാരായണനെ ഒരുപക്ഷേ രക്ഷിക്കാമായിരുന്നു എന്നിരിക്കെ, മൂന്നര മണിക്കൂർ ചികിൽത്സ നിഷേധിച്ച ആശുപത്രി അധികൃതരുടെ അനാസ്ഥ നമ്മുടെ ആരോഗ്യമേഖലയ്ക്കുതന്നെ നാണക്കേടായിത്തീരുന്നു.

ബുധനാഴ്ച രാത്രി ഏഴിന് കളമശേരി കങ്ങരപ്പടിയിൽ ഓട്ടോ ഇടിച്ചു പരുക്കേറ്റ നാരായണനെ ഒരർഥത്തിൽ കളമശേരി സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിൽത്സകർ മരണത്തിലേക്കു തള്ളിവിടുകയായിരുന്നു എന്നാണു പരാതി. അപകടം നടന്ന് 15 മിനിറ്റിനുള്ളിൽ മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിൽ എത്തിച്ചെങ്കിലും തലയിലേറ്റ പരുക്കു ഗുരുതരമാണെന്നു തിരിച്ചറിഞ്ഞുതുതന്നെ മൂന്നര മണിക്കൂറിനു ശേഷം . അപ്പോഴേക്കും ചികിൽത്സയിലൂടെ നാരായണന്റെ ജീവൻ രക്ഷിച്ചെടുക്കാനുള്ള വിലപ്പെട്ട സമയം കഴിഞ്ഞിരുന്നു. പ്രശ്നം ഗുരുതരമാണെന്നു മനസ്സിലാക്കിയതോടെ സ്വകാര്യ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ പറഞ്ഞ് മെഡിക്കൽ കോളേജുകാർ കയ്യൊഴിഞ്ഞെങ്കിലും അതിനിടെ സാധ്യതകളെല്ലാം അസ്തമിക്കുകയും ചെയ്തു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ വെന്റിലേറ്ററിന്റെ സഹായത്തോടെ നിലനിർത്തിയിരുന്ന ജീവന്റെ മിടിപ്പ് വെള്ളിയാഴ്ച ഉച്ചയ്ക്ക 11നു നിലച്ചു.

അത്യഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ച നാരായണന്റെ നെറ്റിയിലെ മുറിവിൽ മരുന്നുവച്ചു കെട്ടിയെങ്കിലും തലയ്ക്കു പിന്നിലും ഗരുതരമായ പരുക്കുണ്ടെന്നു വ്യക്തമാകുന്നത് അര മണിക്കൂറിനു ശേഷം ബന്ധുക്കളെത്തി, പരിശോധിക്കുമ്പോൾ മാത്രമാണ്. പരുക്കുകൾ ഗുരുതരമല്ലെന്നായിരുന്നു ഡ്യൂട്ടിയിലുണ്ടായിരുന്ന ഹൗസ് സർജൻമാരുടെ വിലയിരുത്തൽ. ഇതിനിടെ നില വഷളായെങ്കിലും അനാസ്ഥ തുടരുകയായിരുന്നു. ഒടുവിൽ, ബന്ധുക്കൾ ബഹളംവച്ചതിനെ തുടർന്ന് രാത്രി പത്തിന് സീനിയർ ഡോക്ടർ എത്തി സിടി സ്കാൻ ചെയ്യിപ്പിച്ചപ്പോഴാണു ഗുരുതരാവസ്ഥ ബോധ്യപ്പെടുന്നത്. തലയ്ക്കകത്തുണ്ടായ രക്തസ്രാവത്തെ തുടർന്ന രക്തം കട്ടപിടിച്ചു തലച്ചോറിനു കേടു സംഭവിച്ചതായി ബോധ്യപ്പെട്ടതോടെ സ്വകാര്യ ആശുപത്രിയിലേക്കു പറഞ്ഞുവിട്ടതെന്നുതു മനുഷ്യത്വരാഹിത്യത്തിന്റെ മറ്റൊരു മുഖം.

കൊച്ചി നഗരത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലെത്തിയെങ്കിലും തലച്ചോറിൽ അടിയന്തര ശസ്ത്രക്രിയയ്ക്കു രണ്ടരലക്ഷം രൂപ ആവുമെന്നും ഇതു ചെയ്താൽ തന്നെ രക്ഷപ്പെടാനുള്ള സാധ്യത വിരളമാണെന്നും പറഞ്ഞതോടെ ബന്ധുക്കൾ മറ്റൊരു സ്വകാര്യ ആശുപത്രിയിലേക്കു കൊണ്ടു പോവുകയായിരുന്നു. അവിടെ വെന്റിലേറ്ററിലായിരിക്കെയാണു മരണം. നാരായണന്റെ ബന്ധുക്കൾ പരാതി നൽകിയതിനെ തുടർന്ന സഹകരണ ആശുപത്രിയിൽ ഉണ്ടായിരുന്ന മൂന്നു ഡോക്ടർമാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

പക്ഷെ, ഇതുകൊണ്ട് അവസാനിക്കുന്നതല്ല പ്രശ്നം. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രയിലെ ചികിൽത്സയുമായി ബന്ധപ്പെട്ട് ഇത്തരം അനാസ്ഥ ആദ്യത്തെ സംഭവമല്ല. കളമശേരിയിൽ ഏഴു വർഷം മുൻപ് ആരംഭിച്ച മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇനിയും മതിയായ ചികിൽത്സാ സംവിധാനം ഒരുക്കാത്തത് അനാസ്ഥ മാത്രമല്ല, നാണക്കേടുമല്ലേ? തലയ്ക്കു പരുക്കേറ്റവരെ ചികിൽസിക്കാനുള്ള ന്യൂറോ സർജറി വിഭാഗം പോലുമില്ലാതെ മെഡിക്കൽ കോളേജ് ആശുപത്രിയാണെന്നിരിക്കെ, ആ സ്ഥിതിയിൽ കൊണ്ടുവന്ന ഒരാളെ അടിയന്തര പരിചരണത്തിനുശേഷം കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു ആശുപത്രിയിലേക്കു വിടാൻ വൈകിയത് എന്തുകൊണ്ടാണ്? വിലപ്പെട്ട ഒരു ജീവൻ മരണത്തിലേക്കു തള്ളിവിട്ടുകൊടുത്തതിന് ആരാണ് ഉത്തരവാദി എന്നതാണു പ്രസ്കതമായ ചോദ്യം. മതിയായ ചികിൽസാ സംവിധാനം ഒരുക്കാത്ത ആശുപത്രി അധികൃതരും അനാസ്ഥയോടെ പ്രശ്നം കൈകാര്യ ചെയ്ത ചികിൽസകരുമൊക്കെ ഇതിനു മറുപടി പറയേണ്ടതുണ്ട്.

## റവ. ജോർജ്ജ് മാത്തൻ

\- - - - - - - - - - - - - - - - - - - -

ജോർജ്ജ് മാത്തൻ 1819-ൽ ജനിച്ചു. അവരുടെ കുടുംബം കൊച്ചിയിൽ നിന്നും ചെങ്ങന്നൂർ താലൂക്കിൽ പുത്തൻക്കാവിൽ പ്രദേശത്ത് കുടിയേറിപ്പാർത്തവരാണ്. അദ്ദേഹം റവ. ജോർജ്ജ് മാത്തൻ എന്നും, ഗീവറുഗീസ് പാതിരി എന്നും മല്ലപ്പള്ളി അച്ചൻ എന്നുമുള്ള പേരുകളിൽ അറിയപ്പെടുന്നു.

പിതാവ് നേരത്തേ മരിച്ചുപോയതുകൊണ്ട് പിതൃസഹോദരനായ കുര്യൻ കത്തനാരാണ് ജോർജ്ജ് മാത്തനെ വളർത്തിയത്. കോട്ടയത്തു പഴയ സെമിനാരിയിലെ പഠനത്തിനുശേഷം മദ്രാസിലെ ബിഷപ്പ് കോറിയാസ് ഗ്രാമർ സ്കൂളിൽ ചേർന്നു പഠിച്ച് ഒരു പ്രശസ്ത പണ്ഡിതനായിത്തീർന്നു. അക്കാലത്തുതന്നെ അദ്ദേഹം ഇംഗ്ലീഷ്, ഗ്രീക്ക്, തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകൾ വശമാക്കി. മദ്രാസിൽവച്ച് അദ്ദേഹം സി.എം.എസ്. സഭാ വിഭാഗത്തിൽ ചേർന്ന് ആ സഭയിലെ മിഷനറിയായി ജീവിതം നയിച്ചു. മല്ലപ്പള്ളി, തോലശ്ശേരി, തലവടി എന്നീ സ്ഥലങ്ങളായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരംഗം. 1870-ൽ അദ്ദേഹം നിര്യാതനായി.

മികച്ച വൈയാകരണനും, ബഹുഭാഷാപണ്ഡിതനും, ഉജ്ജ്വലമായ ഗദ്യശൈലിയുടെ ഉടമയുമായിരുന്ന റവ. ജോർജ്ജ് മാത്തൻ 1867-ൽ കൊല്ലം ഡിവിഷൻ കച്ചേരിയിൽ ബാലാഭ്യസനത്തെ പുരസ്കരിച്ച് ഒരു പ്രഭാഷണം നടത്തി. അത് മൂന്നുഭാഗമായി കോട്ടയത്തുനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണമാണ് അന്നേവരെ ഉണ്ടായിട്ടുള്ള വ്യാകരണങ്ങളിൽ വച്ച് ഉത്തമമായിട്ടുള്ളത്. മലയാള വ്യാകരണങ്ങളിൽ ചിഹ്നങ്ങളെപ്പറ്റിയുള്ള ആദ്യപ്രസ്താവം ആ ഗ്രന്ഥത്തിലാണ് കാണുന്നത്. ഗ്രന്ഥരചന പൂർത്തിയാക്കിയെങ്കിലും സാമ്പത്തികമായ പരാധീനത ഒരു വ്യാഴവട്ടക്കാലത്തോളം തന്റെ വ്യാകരണം അച്ചടിപ്പിക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ല. 1863-ൽ അച്ചടി കഴിഞ്ഞപ്പോൾ അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന സർ. ടി. മാധവരായർ ആ പുസ്തകത്തിന്റെ 100 പ്രതികൾ സർക്കാരിലേയ്ക്ക് വിലയ്ക്കെടുത്ത് ഗ്രന്ഥകാരനെ സഹായിച്ചു.

വിദ്യാഭ്യാസത്തിനു വേണ്ടുന്ന പുസ്തകങ്ങൾ മലയാണ്മയിൽ ചുരുക്കമായിരിക്കയാൽ അങ്ങനെയുള്ള പുസ്തകങ്ങൾ പെരുപ്പമുള്ള ചില ഭാഷകളെക്കൂടെ വശമാക്കേണ്ടിയിരിക്കുന്നു എന്ന് ഒരു ന്യായം പറയാം. ബ്രിട്ടീഷ് സർക്കാരിന്റെയും മിഷ്യൻ സമൂഹക്കാരുടെയും യത്നങ്ങളാൽ അനേകം നല്ല പുസ്തകങ്ങൾ ഇപ്പോൾ മലയാണ്മയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗണിതശാസ്ത്രത്തിൽ പാടീഗണിതം, ബീജഗണിതം, രേഖഗണിതം എന്നു മൂന്നു ശാഖകളെയും സംബന്ധിച്ചു പ്രബന്ധങ്ങൾ ഉണ്ടായിരിക്കുന്നു ഭൂമിശാസ്ത്രത്തെപറ്റി രണ്ടു മൂന്നു ചെറിയ പുസ്തകങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ചരിത്ര സംബന്ധമായിട്ടു വേദ ചരിത്രം, സഭാചരിത്രം, ലോകചരിത്രം, ഇന്ത്യാചരിത്രം എന്നിങ്ങനെ നാലാറു പുസ്തകങ്ങൾ കാണാണ്മാനുണ്ട്. റവ. ജോർജ്ജ് മാത്തന്റെ അനുപമായ മാതൃഭാഷാഭിമാനം ഇവിടെ തെളിഞ്ഞു കാണാം. അക്കാലത്തെ പാഠപുസ്തകങ്ങളുടെ ലഭ്യതയും അവയുടെ മൂല്യവും ഇവിടെ വ്യക്തമാണ്.

# വാരാന്ത്യവീക്ഷണം

## കക്ഷി രാഷ്ട്രീയം ഗ്രസിച്ച കേരളം

നമ്മുടെ കേരളത്തിന്റെ പ്രത്യേകത സർവ്വ മേഖലകളെയും ഗ്രസിച്ചു നില്ക്കുന്ന കക്ഷി രാഷ്ട്രീയമാണ് എന്നു പറയാറുണ്ട്. എല്ലായിടത്തും എല്ലാത്തിലും രാഷ്ട്രീയം നിറഞ്ഞു നില്ക്കുന്നു എന്നാണു തിരിച്ചറിയാൻ കഴിയുന്നത്. ഈ രാഷ്ട്രീയമാകട്ടെ കക്ഷിരാഷ്ട്രീയത്തിന്റെ ഏറ്റവും തരംതാണ രൂപവുമാണ് എന്ന് എല്ലാവരും സംശയിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ കേരളത്തിന്റെ വളർച്ചയും വികസനത്തെയും തടസപ്പെടുത്തുന്നതിൽ ഈ കക്ഷി രാഷ്ട്രീയത്തിന്റെ സർവ്വവ്യാപനം ഇടയാക്കിയിട്ടുണ്ട് എന്നാണ് കാണാൻ കഴിയുന്നത്.

ജനജീവിതത്തിന്റെ സർവ്വതലങ്ങളേയും ഈ കക്ഷി രാഷ്ട്രീയം ഗ്രസിച്ചു കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ പ്രത്യേകതയായി പറയാവുന്നത്. വിദ്യാഭ്യാസരംഗമായാലും കാർഷിക മേഖല ആയാലും വ്യവസായരംഗമായാലും എന്തിന് എത്ര  ജീവനക്കാരുടെ സംഘടനകൾ തന്നെ ഈ കക്ഷിരാഷ്ട്രീയം കൈയ്യടക്കി എന്നാണ് കാണാൻ കഴിയുന്നത്. അതുകൊണ്ടു തന്നെ ഈ രംഗങ്ങളിലുള്ള നിലപാടുകളിൽ കക്ഷിരാഷ്ട്രീയം സുപ്രധാന പങ്കുവഹിക്കുന്നതായും കാണാം.

കേരളത്തിലെപ്പോലെ അനേകം രാഷ്ട്രീയ കക്ഷികളും അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നിലപാടുകളും ചേരുമ്പോൾ നമ്മുടെ പൊതുരംഗങ്ങളെല്ലാം കലുഷിതമായിതീരുന്നു. നമ്മുടെ വളർച്ചയെ മുരടിപ്പിക്കുന്ന ഒരു ഘടകം അതാണെന്നു കാണാം. തൊഴിൽ മേഖലയിലെ ഈ പ്രത്യക സാഹചര്യം ഇവിടെ വ്യവസായ നിക്ഷേപങ്ങളും മറ്റു നിക്ഷേപങ്ങളും കൊണ്ടുവരുന്നതിനു തടസ്സമാകുന്നുണ്ട്. വിശാലമായ കാഴ്ചപ്പാടുകൾ ഈ അമിത രാഷ്ട്രീയ സ്വാധീനം കൊണ്ടു നമ്മുടെ നേതാക്കൾക്ക് ഇല്ലാതെ വരുന്നു. ശക്തവും ധീരവുമായ തീരുമാനങ്ങൾ എടുക്കാൻ അവർക്കു പരിമിതികൾ സൃഷ്ടിക്കപ്പെടുന്നു.

ഈ സാഹചര്യത്തിൽ കേവലം കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി കേരളത്തിന്റെ നന്മയെ ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ  കേരളത്തിൽ ശക്തമാകണമെങ്കിൽ ഈ കക്ഷി രാഷ്ട്രീയ അധിനിവേശം പരിമിതപ്പെടുത്തേണ്ടിവരും. അതിന് ദൂരക്കാഴ്ചയോടെ നിലപാടുകൾ സ്വീകരിക്കാൻ കക്ഷി രാഷ്ട്രീയരംഗത്തെ സ്വാധീനിക്കുന്ന സാമൂഹ്യ സാംസ്കാരിക സാമുദായിക നേതൃത്വം തയ്യാറാകുമെങ്കിൽ കേരളത്തിന്റെ മുന്നേറ്റം എല്ലാ രംഗത്തും ശക്തമാകും.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA